പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2504.** 18.02.2016 ന് മറുപടിയ്ക്ക്.

## *കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ.*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ. മികവിന്റെ കേന്ദ്രമാക്കി ഉയർത്തിയ ശേഷം എത്ര പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടെന്നും എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (എ) കാസർഗോഡ് ജില്ലയിലെ കയ്യൂർ ഇ.കെ. നായനാർ മെമ്മോറിയൽ ഗവ. ഐ.ടി.ഐ. യെ പി.പി.പി. സ്കീമിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 2013 സെഷൻ മുതൽ വെൽഡർ ട്രേഡ് പുതുതായി ആരംഭിച്ചിട്ടുണ്ട്.<br><br>വെൽഡർ ട്രേഡിനാവശ്യമായ കെട്ടിടം പി.പി.പി. സ്കീം പ്രകാരം പണിതിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിനാവശ്യമായ ജനറേറ്റർ, ഇൻകം ജനറേഷൻ പദ്ധതി പ്രകാരം ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുന്നതിലേയ്ക്കാവശ്യമായ വാഹനം എന്നിവ സംഭരിച്ചിട്ടുണ്ട്. വെഹിക്കിൾ പാർക്കിംഗ് ഷെഡ് പണിതിട്ടുണ്ട്.<br><br>കൂടാതെ ഇലക്ട്രോണിക്സ് മെക്കാനിക്, COPA, മെക്കാനിക് ഡീസൽ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, പ്ലംബർ എന്നീ ട്രേഡുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് പി.പി.പി. സ്കീം പ്രകാരം ഉപകരണങ്ങൾ സംഭരിച്ചിട്ടുണ്ട്. ഫിറ്റർ ട്രേഡിനാവശ്യമായ കെട്ടിടം പി.പി.പി. സ്കീം പ്രകാരം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ